**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2683** **24-06-2024 - ൽ മറുപടിയ്ക്ക്**

**സോളാർ വൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീടുകളിലും സ്ഥാപനങ്ങളിലുമായി സർക്കാർ നടപ്പാക്കുന്ന സോളാർ വൈദ്യുത പദ്ധതി സംബന്ധിച്ച് നടക്കുന്ന തെറ്റായ പ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പ്രചാരണങ്ങൾക്കെതിരായ ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുമോ; | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി ആന്റ് നെറ്റ് മീറ്ററിംഗ്) (രണ്ടാം ഭേദഗതി) റഗുലേഷൻസ്, 2024 ന്റെ കരട് ജനുവരി 29 - ന് കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്മേൽ 2024 മാർച്ച് 20, മേയ് 15 എന്നീ തീയതികളിൽ വിപുലമായ പൊതു തെളിവെടുപ്പുകൾ നടത്തിയിരുന്നു. ഈ അവസരങ്ങളിൽ ഇതു സംബന്ധിച്ച് ധാരാളം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിച്ചിരുന്നു. അതേസമയം വ്യാജവാർത്തകളും, തെറ്റിദ്ധാരണകളും ചിലർ ബോധപൂർവ്വം സൃഷ്ടിക്കുകയും വ്യാപക പ്രചരണം നടത്തുകയും ചെയ്തതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതേതുടർന്ന് കരട് റഗുലേഷനിൽ നിർദ്ദേശിച്ചിരുന്ന മാറ്റങ്ങളെ സംബന്ധിച്ച് വിശദമായ പത്രക്കുറിപ്പ് നൽകുകയും കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. കൂടാതെ ഇതു സംബന്ധിച്ച നടന്ന മേൽ സൂചിപ്പിച്ച രണ്ടു പൊതു തെളിവെടുപ്പുകളിലും കമ്മീഷന്റെ നിലപാട് വ്യക്തമാക്കുകയും ചെയ്തിരുന്നു. ഇതിനൊക്കെ പുറമേ കംപ്ലയൻസ് എക്സാമിനറുടെ നേതൃത്വത്തിൽ വൈദ്യുതി വിതരണ ലൈസൻസികളുടെ സഹകരണത്തിൽ നടക്കുന്ന ഉപഭോക്തൃ യോഗങ്ങളിലും ഇക്കാര്യത്തിൽ വ്യക്തത കൈവരിക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ ഔദ്യോഗിക നവമാധ്യമ പ്ലാറ്റ്ഫോമുകളിലൂടെ ഇത്തരം വ്യാജ പ്രചരണങ്ങൾക്കെതിരെ ബോധവത്കരണ പോസ്റ്റുകൾ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ പത്രക്കുറിപ്പുകളും നൽകുന്നുണ്ട്. മേലിലും ഇത് തുടരുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | സോളാർ വൈദ്യുത പദ്ധതിയ്ക്ക് നൽകുന്ന സബ്സിഡി യഥാസമയം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സോളാർ വൈദ്യുത പദ്ധതിക്ക് സബ്സിഡി നൽകുന്നത് കേന്ദ്ര ഗവൺമെന്റിന്റെ MNRE മന്ത്രാലയമാണ്. നിലവിൽ ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ടാണ് സബ്സിഡി ലഭ്യമാകുന്നത്. പ്ലാന്റ് സ്ഥാപിച്ചതിനു ശേഷം മതിയായ രേഖകൾ MNRE പോർട്ടലിൽ സബ്മിറ്റ് ചെയ്യുന്ന പക്ഷം താമസംവിനാ സബ്സിഡി ലഭ്യമാക്കുന്നതാണ്. സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നൽകുന്ന ഇൻസെന്റീവ് യഥാസമയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ